>> കുറിപ്പുകൾ

● സി. ദാവൂദ്

# റസ്പക്റ്റ് പാർട്ടി ഒരു മഴവിൽ പരീക്ഷണം

**യിവോൺ** റിഡ്‌ലിയെക്കുറിച്ച് എഴുതിയ ലേഖനത്തിൽ (ലക്കം 39) അവർ പ്രവർത്തിക്കുന്ന റസ്പക്റ്റ് പാർട്ടിയെ പരാമർശിച്ചിരുന്നു. റസ്പക്റ്റ് പാർട്ടിയെക്കുറിച്ച് അൽപം വിശദീകരിക്കാമായിരുന്നുവെന്ന് പിന്നീട് തോന്നി. അതിനാലാണ് ഈ കുറിപ്പ്.

2004 ജനുവരി 25-ന് രൂപീകരിക്കപ്പെട്ട ബ്രിട്ടനിലെ ഒരു രാഷ്ട്രീയ മുന്നണിയാണ് റസ്പക്റ്റ് പാർട്ടി. Respect- The Unity Coalition എന്നാണ് ഔദ്യോഗിക നാമം. റസ്പക്റ്റ് പാർട്ടി എന്ന് പൊതുവെ വിളിക്കപ്പെടുന്നു. Respect, Equality, Socialism, Peace, Environmentalism, Community, Trade Unionism എന്നീ വാക്കുകളിൽനിന്നാണ് റസ്പക്റ്റ് പാർട്ടിയുടെ പേര് ഉരുത്തിരിയുന്നത്.

സോഷ്യലിസ്റ്റുകൾ, ഇസ്‌ലാമിസ്റ്റുകൾ, പരിസ്ഥിതിവാദികൾ, സിനിമ-നാടക പ്രവർത്തകർ, കലാകാരന്മാർ, സ്ത്രീവാദികൾ എന്നിവരെല്ലാമടങ്ങിയ ഒരു അവിയൽ മുന്നണിയാണ് യഥാർഥത്തിൽ റസ്പക്റ്റ് പാർട്ടി. മറ്റ് സോഷ്യലിസ്റ്റ്, ഇസ്‌ലാമിസ്റ്റ് സംഘടനകളിൽ പ്രവർത്തിക്കുന്നവർക്കും റസ്പക്റ്റിൽ അംഗത്വം നൽകും. സോഷ്യലിസ്റ്റ് വർക്കേഴ്സ് പാർട്ടി, മുസ്‌ലിം അസോസിയേഷൻ ഓഫ് ബ്രിട്ടൻ, മുസ്‌ലിം കൗൺസിൽ ഓഫ് ബ്രിട്ടൻ എന്നീ സംഘടനകൾ റസ്പക്റ്റ് മുന്നണിയിൽ പ്രവർത്തിക്കുന്നു. ബ്രിട്ടീഷ് സാമൂഹിക പ്രവർത്തകനായ മാർക് സെർവോട്ക, നോബൽ സമ്മാന ജേതാവും നാടകപ്രവർത്തകനുമായ ഹരോൾഡ് പിന്റർ, സിനിമാ സംവിധായകനായ കെൻ ലോച്ച് എന്നിവർ റസ്പക്റ്റിന് പിന്തുണ നൽകുന്ന പ്രമുഖ സാംസ്കാരിക പ്രവർത്തകരാണ്. കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഗ്രേറ്റ് ബ്രിട്ടൻ, ഇന്റർനാഷനൽ സോഷ്യലിസ്റ്റ് ഗ്രൂപ്പ്, സോഷ്യലിസ്റ്റ് യൂനിറ്റി നെറ്റ്‌വർക്ക്, സോഷ്യലിസ്റ്റ് റെസിസ്റ്റൻസ്, റവല്യൂഷനറി കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ബ്രിട്ടൻ (മാർക്സിസ്റ്റ്-ലെനിനിസ്റ്റ്) തുടങ്ങിയവയെല്ലാം റസ്പക്റ്റിനെ പിന്താങ്ങുന്ന സംഘടനകളാണ്. കിടിലൻ പേരുകൾ കേട്ട് ഞെട്ടണ്ട, നമ്മുടെ നാട്ടിലെ നക്സലൈറ്റ് സംഘടനകളെപ്പോലെ പിളർന്നും പിപ്പിളർന്നും ഉണ്ടായ കൊച്ചു കൊച്ചു ഗ്രൂപ്പുകളാണ് ഇവയൊക്കെ. ഇഷ്ടം പോലെ നേതാക്കളും അൽപ സ്വൽപം അനുയായികളും. വിവിധ തൊഴിൽ രംഗങ്ങളിൽ റസ്പക്റ്റിനെ പിന്തുണക്കുന്ന ട്രേഡ് യൂനിയനുകൾ നിലവിലുണ്ട്. വിദ്യാർഥി വിഭാഗമായ 'സ്റ്റുഡന്റ്സ് റസ്പക്റ്റ്' കാമ്പസുകളിൽ സജീവമാണ്.

നിലവിൽ റസ്പക്റ്റിന് പാർലമെന്റിൽ ഒരു സീറ്റുണ്ട്. നേരത്തെ ലേബർ പാർട്ടി എം.പിയായിരുന്ന ജോർജ് ഗാലവെയാണ് പാർലമെന്റിൽ റസ്പക്റ്റിനെ പ്രതിനിധീകരിക്കുന്നത്. ഇറാഖ് പ്രശ്നത്തിൽ, ഔദ്യോഗിക നിലപാടിനെതിരെ ശക്തമായി പ്രതികരിച്ചതിനെത്തുടർന്ന് ലേബർ പാർട്ടിയിൽ നിന്ന് പുറത്താക്കപ്പെട്ട ആളാണ് ഗാലവെ. പാകിസ്താൻ വംശജയായ സൽമാ യാഖൂബ് ആണ് റസ്പക്റ്റിന്റെ ഉപാധ്യക്ഷ. മുസ്‌ലിം സ്ത്രീകൾക്കിടയിലെ ആവേശമായ സൽമ ഇന്ന് ബ്രിട്ടനിലെ ഏറ്റവും ശ്രദ്ധിക്കപ്പെടുന്ന വനിതാ നേതാക്കളിലൊരാളാണ്. അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിൽ അവർ ജോർജ് ഗാലവെയുടെ സീറ്റിൽ മത്സരിക്കാൻ ഏതാണ്ട് തീരുമാനിച്ചിട്ടുണ്ട്. അവർ മത്സരിച്ച് ജയിക്കുകയാണെങ്കിൽ ബ്രിട്ടീഷ് പാർലമെന്റിലെ ആദ്യത്തെ ഹിജാബ് ധരിച്ച സ്ത്രീയായി മാറും സൽമ.

2005 ൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ റസപക്റ്റ് 26 മണ്ഡലങ്ങളിൽ മത്സരിച്ചു, ഒന്നിൽ വിജയിച്ചു, മൂന്ന് മണ്ഡലങ്ങളിൽ രണ്ടാം സ്ഥാനത്തെത്തി. 2006 മുതൽ ബ്രിട്ടനിൽ നടന്ന ലോക്കൽ, മുൻസിപ്പൽ, പാർലമെന്റ് അടക്കം എല്ലാ തെരഞ്ഞെടുപ്പുകളിലും റസ്പക്റ്റ് മത്സരിച്ചിട്ടുണ്ട്. മുസ്‌ലിം കേന്ദ്രീകൃത നഗര വാർഡുകളിൽ റസ്പക്റ്റ് നിരവധി സീറ്റുകൾ നേടുക


ജോർജ് ഗാലവെ


സൽമാ യാഖൂബ്

യും ചെയ്തു.

അമേരിക്കൻ ബ്രിട്ടീഷ് നേതൃത്വത്തിൽ നടക്കുന്ന ഇറാഖ് അധിനിവേശത്തിനെതിരെ നടന്ന ബഹുജന പ്രതിഷേധ പരിപാടികളാണ് യഥാർഥത്തിൽ റസ്പക്റ്റിന്റെ രൂപീകരണത്തിലേക്ക് നയിച്ചത്. കേന്ദ്രീകൃതവും സംഘടിതവുമായ ഒരു സംഘടന എന്നതിലപ്പുറം പുതിയ രാഷ്ട്രീയത്തിന്റെ ജനകീയ പ്രകാശനമാണ് റസ്പക്റ്റ്. സാമ്രാജ്യത്വ താൽപര്യങ്ങൾ ചെറുക്കുക, യുദ്ധം അവസാനിപ്പിക്കുക, റെയിൽവെ അടക്കമുള്ള പൊതുമേഖലയുടെ പുനർ ദേശസാൽക്കരണം, ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലെ സ്വകാര്യവൽകരണം ചെറുക്കുക, ഫലസ്തീൻ പോരാട്ടത്തെ പിന്തുണക്കുക, യൂറോപ്യൻ യൂനിയൻ തിട്ടപ്പെടുത്തിയ മിനിമം വേതനം എല്ലാ തുറകളിലും നടപ്പാക്കുക, സമ്പന്നരുടെ ആദായ നികുതി വർധിപ്പിക്കുക, കശ്മീരിന്റെ സ്വയംനിർണയാവകാശത്തെ പിന്തുണക്കുക തുടങ്ങിയവയാണ് റസ്പക്റ്റ് പാർട്ടിയുടെ അടിസ്ഥാന പ്രവർത്തന പരിപാടികൾ. പാർട്ടി ഭരണഘടനയിൽ ലക്ഷ്യം എന്ന തലക്കെട്ടിൽ ഒന്നാം നമ്പറായി പറയുന്നു: 'സാമ്രാജ്യത്വ യുദ്ധങ്ങൾക്കും ആഗോള മൂലധനത്തിനും കമ്പോളത്തിന്റെ അടക്കിവാഴ്ചക്കും ബദലുണ്ട് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. കോർപറേറ്റുകളുടെ ലാഭത്തിനുവേണ്ടിയല്ല, ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി സമ്പത്ത് ഉൽപാദിപ്പിക്കപ്പെടുന്ന ഒരു സമൂഹത്തെ ഞങ്ങൾ ലക്ഷ്യം വെക്കുന്നു. വ്യാപകമായിക്കൊണ്ടിരിക്കുന്ന ജനാധിപത്യ, മനുഷ്യാവകാശ നിഷേധങ്ങളടക്കം മുഴുവൻ അനീതികൾക്കും അസമത്വങ്ങൾക്കുമെതിരെ ഞങ്ങൾ പ്രക്ഷോഭമുയർത്തും. ലാഭവ്യവസ്ഥയുടെ അനിവാര്യഫലമെന്നോണം സൃഷ്ടിക്കപ്പെട്ട, പ്രപഞ്ചത്തിന്റെ ഭാവിക്കു തന്നെ ഭീഷണിയായ പരിസ്ഥിതി വിനാശത്തിനെതിരെ അതി ശക്തമായി ഞങ്ങൾ നിലകൊള്ളുന്നു'.

2007 നവംബറിൽ റസ്പക്റ്റ് പാർട്ടിയിൽ ആഭ്യന്തര ഭിന്നതകൾ ഉടലെടുക്കുകയും ഒരു വിഭാഗം പുറത്തുപോവുകയും ചെയ്തു. പാർട്ടിക്ക് വർഗസ്വഭാവം നഷ്ടപ്പെടുന്നുവെന്ന വിമർശനം ഉന്നയിച്ചുകൊണ്ട് മാർക്സിസ്റ്റ് സ്വഭാവമുള്ള സംഘടനകളും വ്യക്തികളുമാണ് പുറത്തുപോയത്. പ്രധാനമായും സോഷ്യലിസ്റ്റ് വർക്കേഴ്സ് പാർട്ടിയാണ് പിളർപ്പിലേക്ക് നയിച്ച വിവാദങ്ങൾക്ക് തുടക്കമിട്ടത്. മുസ്‌ലിം വോട്ടുകൾ നേടാൻ വേണ്ടി അജണ്ടയിലും നയനിലപാടുകളിലും വെള്ളം ചേർക്കുന്നുവെന്ന പരാതിയും അവർക്കുണ്ട്. മുസ്‌ലിം വോട്ട് നഷ്ടപ്പെടുമോ എന്ന ഭയത്തിൽ സ്വവർഗരതിക്കാരുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ കണിശമായ നിലപാടെടുക്കാൻ റസ്പെക്റ്റിന് കഴിയുന്നില്ലെന്ന പരാതിയും അവർ ഉന്നയിക്കുന്നു. ആശയപരവും അധികാരപരവുമായ തർക്കങ്ങൾ രൂക്ഷമായതിനെത്തുടർന്ന് പാർട്ടി നെടുകെ പിളർന്നു. ജോർജ് ഗാലവെയുടെ[1] നേതൃത്വത്തിലുള്ള വിഭാഗം റസ്പക്റ്റ് റിന്യൂവൽ എന്ന പേരിലും, തീവ്ര ഇടതന്മാർ റസ്പക്റ്റ് ലെഫ്റ്റ് ലിസ്റ്റ് എന്ന പേരിലും അറിയപ്പെടുന്നു. വരുന്ന ലണ്ടൻ അസംബ്ലി തെരഞ്ഞെടുപ്പിൽ രണ്ട് പാർട്ടികളും വെവ്വേറെ മത്സരിക്കുന്നുമുണ്ട്. ■

1. *2007 നവംബറിൽ മുംബൈയിൽ നടന്ന എസ്.ഐ.ഒ ദേശീയ സമ്മേളനത്തിൽ ജോർജ് ഗാലവേ പങ്കെടുക്കാമെന്നേറ്റതായിരുന്നു. പാർട്ടിയിലെ ആഭ്യന്തര പ്രശ്നങ്ങളെത്തുടർന്നാണ് അദ്ദേഹത്തിന്റെ യാത്ര മുടങ്ങിയത്.*